# വെളിപ്പാടുപുസ്തകം 13

# ആദ്യനും അന്ത്യനും അഥവാ

# ആൽഫയും ഒമേഗയും

ഡോ.സി.വി. ആൻഡ്രൂസ്

**വാക്യം 9** ''ഞാൻ ആൽഫയും ഒമേഗയും ആകുന്നു എന്ന് ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു''

ഗ്രീക്ക് അക്ഷരമാലയിൽ 'ആൽഫ' ആദ്യത്തെ അക്ഷരവും 'ഒമേഗ' അവസാനത്തെ അക്ഷരവുമാണ്. ദൈവം ആദ്യനും അന്ത്യനും സകലത്തിന്റെയും ആരംഭവും അവസാനവും ആണ്. ഒന്നും ഇല്ലാതിരിക്കുമ്പോൾ എല്ലാറ്റിന്റെയും ആരംഭത്തിൽ അവിടുന്ന് ഉൺടായിരുന്നു. കാലത്തിന്റെ ഒടുവിൽ എല്ലാറ്റിന്റെയും അവസാനത്തിലും അവിടുന്ന് ഉൺടായിരിക്കും. അവിടുന്ന് നിത്യനാണ്. നിത്യതമുതൽ നിത്യതവരെയുള്ളവനാണ്. ഇവിടെ 'ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു' എന്നു വായിക്കുന്നു. 'കർത്താവ്' എന്നു പുതിയ നിയമത്തിൽ പൊതുവെ കാണുന്നത് യേശുക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്. പിതാവായ ദൈവത്തെക്കുറുച്ചും ''ഞാൻ ആദ്യനും അന്ത്യനും'' എന്ന പദപ്രയോഗം തിരുവചനത്തിൽ ഉപയോഗിച്ചിട്ടുൺട്. ''ഞാൻ ആദ്യനും അന്ത്യനും ആകുന്നു, ഞാനല്ലാതെ ഒരു ദൈവം ഇല്ല'' (യശയ്യ 44:6, 48:12). ഇരുവരും ആൽഫയാണ്, ഇരുവരും ഒമേഗയാണ്. ഇരുവരും നിത്യതയിൽ വസിച്ചിരുന്നവരാണ്. ജീവിക്കുന്നവരാണ്. ഇരിക്കുന്നവരാണ്. നിത്യതയിലേക്ക് ഇരിക്കുവാനുള്ളവരാണ്. ഇരുവരും ഒന്നാണ് (യോഹന്നൻ 10:30). എന്നാൽ ഇവിടെ പുത്രനാം ദൈവത്തെയാണ് ഉദ്ദേശിക്കുന്നത്.

പുതിയനിയമപ്രയോഗം പിതാവിനെ 'ദൈവം' എന്നും പുത്രനെ 'കർത്താവ്' എന്നും പരിശുദ്ധാത്മാവിനെ 'ആത്മാവെ'ന്നുമാണ്. (1.കൊരിന്ത്യർ 8:6, 2 കൊരിന്ത്യർ 13:14, എഫേസോസ് 4:4–6).

''കർത്താവ് അരുളിച്ചെയ്യുന്നു'' എന്നാണ് ഇവിടെ യോഹന്നാൻ പറയുന്നത്. സംസാരിക്കുന്ന ആൾ നമ്മുടെ കർത്താവായ യേശുവാണ്. അവനെ 'സർവ്വശക്തൻ' എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. നമ്മുടെ കർത്താവ് സർവ്വശക്തനായ ദൈവം ആണ്. നമ്മുടെ കർത്താവിന്റെ നിത്യാവസ്ഥയെ ഇവിടെ കാണിക്കുന്നു. വെളിപ്പാടുപുസ്തകത്തിൽ പിതാവായ ദൈവവും പുത്രനായ ദൈവവും സർവ്വശക്തനായ ദൈവം എന്നു തറപ്പിച്ചു പറഞ്ഞിരിക്കുന്നു. പുതിയനിയമം മുഴുവനും എടുത്താൽ പത്തുപ്രാവശ്യം ദൈവത്തെ സർവ്വശക്തൻ എന്നു വിശേഷിപ്പിച്ചിരിക്കുന്നു. ഇതിൽ ഒമ്പതു പ്രാവശ്യവും വെളിപ്പാട് പുസ്തകത്തിലാണ്. (വെളിപ്പാട് 1:8, 4:8, 11:17, 15:3, 16:7, 16:14, 19:15, 19:6, 22:22). സർവ്വശക്തൻ എല്ലാറ്റിനെയും നിയന്ത്രിക്കുന്നു എന്ന പരമമായ സത്യം ഈ പുസ്തകം വെളിപ്പെടുത്തുന്നു. സർവ്വശക്തനായ ദൈവത്തെ പിൻപറ്റുന്നവർ അശുദ്ധമായ

എല്ലാറ്റിൽനിന്നും വേർപ്പാടു പാലിക്കാൻ പ്രബോധപ്പിക്കുന്ന ഭാഗമാണിത്. അങ്ങനെയുള്ളവർക്ക് ദൈവം സർവ്വശക്തനായി തന്റെ മഹത്വം വെളിപ്പെടുത്തുന്നു. അങ്ങനെയുള്ളവർക്കായി ഈ വെളിപ്പാടു പുസ്തകത്തിലെ സത്യങ്ങൾ വെളിപ്പെടുത്തികൊടുക്കുകുയം ചെയ്യുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തു സർവ്വശക്തനായ ദൈവമാണെന്ന് സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഭാഗമാണ് വെളിപ്പാട് 1 :8ൽ നാം ചിന്തിച്ചുകൊൺടിരിക്കുന്നത്. ഇരുന്നവൻ ആരംഭമില്ലാത്ത ഭൂതകാലം. ഇരിക്കുന്നവൻ അന്തമില്ലാത്ത ജീവിതം തുടരുന്നവൻ. വരുന്നവ്വൻ കാലതാമസമെന്യേ വീൺടും നീതിയോടെ ഭരിക്കുവാനായി ലോകത്തിലേക്ക് വരുമെന്ന് ഘോഷിക്കുന്നവൻ. ഇപ്രകാരം ഈ പ്രസ്താവന നടത്തുന്നതാര്? സർവ്വശക്തിയുള്ള ദൈവമായ കർത്താവ്. അതേ, നമ്മുടെ യേശു സർവ്വശക്തനായ ദൈവംതന്നെ.

''കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, അവന് ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന പേർ വിളിക്കും''. (മത്തായി 1:22). ക്രിസ്തുവിന് കർത്താവിന്റെ ദൂതൻ നൽകിയ നാമം 'ഇമ്മാനുവേൽ' എന്നാണ്. ഈ വാക്കിന്റെ അർത്ഥം 'ദൈവം നമ്മോടുകൂടെ' (തീത്തോസ് 2:12–13) വാക്യങ്ങളിൽ നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ''മഹാദൈവവും രക്ഷിതാവുമായ യേശുക്രിസ്തു എന്നു വിളിച്ചിരിക്കുന്നു''. 1 യോഹന്നാൻ 5:20ൽ യേശുക്രിസ്തുവിനെ ''സത്യദൈവവും നിത്യജീവനും'' എന്നു പറഞ്ഞിരിക്കുന്നു. കർത്താവിന്റെ ശിഷ്യനായ തോമസ് ''എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ'' എന്ന് യേശുവിനെ വിളിച്ചു (യോഹന്നാൻ 20:28) പ്രവാചകനായ യേശയ്യാവ് യേശുവിന്റെ ജനനം സംബന്ധിച്ച് പ്രവചിച്ചപ്പോൾ ''യേശു വീരനാം ദൈവം'' എന്ന് എഴുതിയിരിക്കുന്നു. (യേശയ്യ 9:6). സർവ്വശക്തനായി പിതൃസന്നിധാനം സമത്വമുള്ളവനായിരുന്ന കർത്താവു താണിറങ്ങി മനുഷ്യവേഷത്തിൽ അവതരിച്ചതിനെക്കുറിച്ചുള്ള പൗലോസിന്റെ പ്രസ്താവന ശ്രദ്ധിക്കുക ''അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നവീകരിക്കപ്പെട്ടു, ദൂതന്മാർക്ക് പ്രത്യക്ഷനായി, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു. ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവശക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു''. (1തിമോത്തി 3:16). 'അവൻ ജഡത്തിൽ വെളിപ്പെട്ടു' എന്നത് 'ദൈവം ജഡത്തിൽ വെളിപ്പെട്ടു' എന്നതാണ് ശരിയായ തർജ്ജിമ. ജഡത്തിൽ വെളിപ്പെട്ടു എന്ന പ്രസ്താവനയ്ക്ക് കുറേക്കൂടെ വിശദീകരണം യോഹന്നാൻ 1:14 ൽ കൊടുത്തിരിക്കുന്നു.

വചനം ജഡമായിത്തീർന്ന് നമ്മുടെ ഇടയിൽ വസിച്ചുകൊൺട് പിതൃഹിതം നിറവേറ്റി. ആ രക്ഷാനായകന്റെ രക്ഷാമാർഗ്ഗം ഇന്നും ലോകത്തിൽ പ്രകീർത്തിക്കപ്പെടുന്നു. വെളിപ്പാടു പുസ്തകം ഒന്നാം അധ്യായം ക്രിസ്തുവിന്റെ ദിവ്യതേജസോടുകൂടിയ അവസ്ഥയെ വെളിപ്പെടുത്തുന്നു. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണശേഷം എഴുപത് വർഷത്തോളം കഴിഞ്ഞ് പദ്മോസ് ദ്വീപിൽ വച്ചു യോഹന്നാൻ യേശുവിനെ വീൺടും കൺടു. കൂടെ നടന്ന യേശു ദൈവമാണെന്നുള്ള സത്യം യോഹന്നാൻ കുറേക്കൂടി ഉറപ്പായി. ആദ്യൻ, അന്ത്യൻ, ജീവനുള്ളവൻ, മരണത്തെ ജയിച്ചവൻ, മരണത്തിന്മേൽ അധികാരി, ഈ കഴിവുകൾ നിറഞ്ഞ യേശു സർവശക്തനായ ദൈവമാണെന്ന് ശക്തമായി തെളിയിക്കുന്നു (യോഹന്നാൻ 1:17,18).

ക്രിസ്തുയേശുവിന്റെ ദൈവത്വത്തെ അനിഷേധ്യമായി തെളിയിച്ചിരിക്കുന്ന വേദഭാഗങ്ങളാണ് ഇത്. വേദപുസ്തകപഠനത്തിൽ മൂന്ന് ആളത്വങ്ങളുടെ

ഐക്യതയിലുള്ള ഏകദൈവത്തെയാണ് കാണാൻ കഴിയുന്നത്. ദൈവാസ്തിത്വത്തിനോ ഏകത്വത്തിനോ പുത്രൻ ദൈവം എന്ന പഠനംകൊണ്ട് മാറ്റം സംഭവിക്കുകയില്ല. ദൈവജ്ഞാനത്തിന്റെ അത്ഭുതങ്ങളെ നിസ്സാരമായ മനുഷ്യജ്ഞാനംകൊണ്ട് അളക്കരുത്. നമ്മുടെ കർത്താവ് സർവ്വശക്തനായ ദൈവംതന്നെ.

വെളിപ്പാടുപുസ്തകത്തിന്റെ അവസാനഭാഗത്തിലും ദൈവത്തെ സർവ്വശക്തൻ, അൽഫ, ഒമേഗ എന്നിങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നു (19:6, 22:23). എല്ലാം അറിയുന്ന, സർവ്വശക്തനായ നമ്മുടെ ദൈവവും കർത്താവുമായവനെക്കുറിച്ചുള്ള രണ്ട് പ്രസ്താവനകൾക്കിടയിലാണ് വെളിപ്പാടു പുസ്തകം മുഴുവൻ ഒതുങ്ങിനിൽക്കുന്നത്. വെളിപ്പാടു പുസ്കതത്തിൽ യോഹന്നാനു പ്രദർശിപ്പിച്ചുകാണിച്ച തന്റെ വെളിപ്പാടും പ്രവൃത്തികളും തികയ്ക്കുവാൻ താൻ ശക്തനാണെന്നും ഈ വാക്യം നമുക്ക് വെളിപ്പെടുത്തിതരുന്നു. ദൈവത്തിന്റെ ഈ അതിമഹത്തായ വല്ലഭത്വം തന്റെ മക്കളെ ധൈര്യപ്പെടുത്തുന്നു. ‘‘സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കുകയും ചെയ്യുന്നവൻ’’ എന്ന് സങ്കീർത്തനം 91:1 ൽ വായിക്കുന്നു. ആദിയും അന്ത്യവുമില്ലാത്തവനും സകലവും യഥാസ്ഥാനത്താക്കിത്തരുന്നവനുമായ ദൈവമായ കർത്താവിന് ഇന്നും എന്നേക്കും മഹത്വമുണ്ടാകുമാറാകട്ടെ.